**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- മഞ്ചേരി നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- സീനിയർ ക്ലാർക്കായ ശ്രീ.ജയരാജനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 681/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം, 21.03.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.09.2012 തീയതിയിലെ ഇ 10(എസ്.സി 08/ 2012/ എംപിഎം) 14118/ 2012 നം. കത്ത്

2. സർക്കാരിന്റെ 17.01.2014 തീയതിയിലെ 6257/ ഇയു2/ 13/ തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. 04.11.2017 തീയതിയിലെ സ.ഉ(സാധാ) നം. 3555/ 17/ തസ്വഭവ

4. നഗരകാര്യ ഡയറക്ടറുടെ 10.01.2019 തീയതിയിലെ വി2- 2941/ 14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ' ഓപ്പറേഷൻ ടു ടയർ ' എന്ന പേരിൽ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി 27.02.12- ൽ മഞ്ചേരി നഗരസഭയിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതനുസരിച്ച് ടി നഗരസഭയിലെ ജീവനക്കാരായ ശ്രീമതി.എൻ. സുശീല(സൂപ്രണ്ട്), ശ്രീ.നാദിർഷ(യു.ഡി.സി), ശ്രീ. സൈദലവി (ഡഫേദാർ), ശ്രീ.ജയരാജൻ(സീനിയർ ക്ലാർക്ക്), ശ്രീ.ഷംസുദ്ദീൻ(ജെ.എച്ച്.ഐ) എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ നൽകിയിരുന്നു. ആയതിന് ബന്ധപ്പെട്ടവർ നൽകിയ പ്രതിവാദ പത്രികകളിൽ കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഇക്കാര്യം പരിശോധിക്കുകയും, സീനിയർ ക്ലാർക്കായിരുന്ന ശ്രീ സി. ജയരാജൻ ഒഴികെയുള്ള മറ്റു ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ പരാമർശം 3 ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നു.

2. വിജിലൻസ് മിന്നൽ പരിശോധനയിൽ ബിൽഡിംഗ് രജിസ്റ്റർ യഥാവിധി രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നില്ല എന്നും 75 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ നടപടി സ്വീകരിച്ചിരുന്നില്ലെന്നും അതിൽ 69 അപേക്ഷകൾ ഫീൽഡ് ഇൻസ്പെക്ഷനായി ഫീൽഡ് സ്റ്റാഫിന് കൈമാറിയിരുന്നില്ല എന്നുമാണ് സീനിയർ ക്ലാർക്ക് ശ്രീ സി. ജയരാജനെതിരെ ആരോപിച്ചിരുന്ന കുറ്റങ്ങൾ .

3. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ ജയരാജൻ സമർപ്പിച്ച മറുപടിയിൽ ടിയാന്റെ ജോലി ഭാരം കൂടുതലായിരുന്നുവെന്നും നഗരസഭയിലെ മുഴുവൻ കെട്ടിട നിർമ്മാണ അപേക്ഷകൾ. ഒക്യുപ്പൻസി അപേക്ഷകൾ, 2011 ലെ സെൻസസ് പ്രവൃത്തികൾ സോഷ്യോ ഇക്കണോമിക്സ് &

കാസ്റ്റ് സെൻസസ് പ്രവർത്തനങ്ങൾ, 50 വാർഡുകളുള്ള നഗരസഭാ കൗൺസിലിന്റെ മിനിട്ട്സ്, സ്റ്റിയറിംഗ് കമ്മിറ്റി മിനിട്ട്സ് മുതലായ ചുമതലകൾ ടിയാൻ വഹിച്ചിരുന്നുവെന്നും മുൻവർഷങ്ങളിൽ നഗരസഭ സൂക്ഷിച്ചു വന്നിരുന്ന അതേ രീതിയിലാണ് 2011-12 കാലയളവിലും ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചതെന്നും വിശദീകരിക്കുന്നുണ്ട്. മാത്രമല്ല ബിൽഡിംഗ് ആപ്ലിക്കേഷൻ ഫയലുകളിൽ യഥാസമയം നടപടി സ്വീകരിച്ച് സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നൽകിയിരുന്നുവെന്നും ടിയാൻ മറുപടി നൽകിയിരിക്കുന്നു .

4. മേൽ വിഷയത്തിൽ കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം, 50 വാർഡുകളുള്ള മഞ്ചേരി നഗരസഭയിൽ കെട്ടിട നിർമ്മാണ അപേക്ഷകളുടെ ചാർജ്ജുകൾക്ക് പുറമേ നഗരസഭാ കൗൺസിൽ ക്ലാർക്ക്, ഇലക്ഷൻ ക്ലാർക്ക്. സെൻസസ് ക്ലാർക്ക് എന്നീ ചുമതലകൾ വഹിച്ചിരുന്നത് അന്നത്തെ സെക്ഷൻ ക്ലാർക്കായ ശ്രീ.സി.ജയരാജൻ ആയിരുന്നുവെന്നും ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും അറിയിക്കുന്നു. ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ ശരിയായ വിധത്തിൽ കൈകാര്യം ചെയ്തിട്ടില്ലെന്നും 75 അപേക്ഷകൾ പെൻഡിംഗ് ഉള്ളതായും 69 അപേക്ഷകൾ സാങ്കേതികവിഭാഗം ജീവനക്കാർക്ക് നൽകിയിട്ടില്ലെന്നും പരാമർശിച്ചിട്ടുണ്ടെങ്കിലും ഫയലുകൾ ഏതൊക്കെയാണെന്ന് വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലാത്തതാണ്. ഓരോ വർഷവും 1000 ത്തിലധികം കെട്ടിട നിർമ്മാണ അപേക്ഷകൾ വരുന്നതും വരുന്ന അപേക്ഷകൾ കെട്ടിടനിർമ്മാണ അപേക്ഷാ രജിസ്റ്ററിൽ യഥാവിധി ചേർത്ത് ബിൽഡിംഗ് ആപ്ലിക്കേഷൻ നമ്പർ നൽകി ചുമതലയുള്ള സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നൽകി വരുന്നതുമാണ്. ഇപ്രകാരം കൈമാറിയതിന് സെക്ഷൻ ക്ലാർക്ക് സാങ്കേതികവിഭാഗം ജീവനക്കാരോട് തീയതി വച്ച് കൈപ്പറ്റ് വാങ്ങിയതായോ പ്രത്യേക കൈമാറ്റരജിസ്റ്റർ സൂക്ഷിച്ചതായോ കണ്ടെത്തിയിട്ടില്ലെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

5. പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി പരമാവധി തുക ചെലവഴിക്കേണ്ടിവരുന്നതിനാൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കെട്ടിട നിർമ്മാണ അപേക്ഷകളിൽ കൂടുതൽ ശ്രദ്ധ കൊടുക്കാൻ കഴിയാറില്ല . പദ്ധതി പ്രവർത്തനങ്ങൾ, ബജറ്റ്. പദ്ധതി റിവിഷൻ, നടപ്പാക്കാൻ കഴിയാത്ത പ്രോജക്ടുകൾ മാറ്റി പുതിയ പ്രോജക്ട് തയ്യാറാക്കുന്നത് തുടങ്ങിയ തിരക്കിട്ട പ്രവർത്തനങ്ങൾ നടക്കുന്ന സമയത്താണ് മിന്നൽ പരിശോധന നടന്നത്. നിലവിൽ നഗരസഭയിൽ കെട്ടിട നിർമ്മാണ അപേക്ഷകളിൽ കൃത്യമായി രജിസ്റ്റർ എഴുതി സൂക്ഷിച്ചു വരുന്നതും ആയത് ബന്ധപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നൽകുന്നതിന് രേഖകൾ സൂക്ഷിച്ചുവരുന്നതും കൂടാതെ ഓൺലൈൻ സംവിധാനം പ്രായോഗികമായിട്ടുള്ളതുമാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

6. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, വിജിലൻസ് റിപ്പോർട്ടിൽ 75 കെട്ടിട നിർമ്മാണ അപേക്ഷകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഓരോ ഫയലിലും വീഴ്ച വരുത്തിയത് സംബന്ധിച്ച് വിശദമായി പരിശോധന നടത്താൻ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് സാധിച്ചിട്ടില്ലായെന്നും, എന്നിരുന്നാലും വിജിലൻസ് പരിശോധന

നടത്തിയ 27.02.12 തീയതിക്ക് മുമ്പ് ലഭിച്ചതും 27.02.2012-ന മുമ്പ് നടപടി സ്വീകരിക്കാതിരുന്നതുമായ ഏതാനും ചില ഫയലുകൾ പരിശോധിച്ചതിൽ ശ്രീ സി ജയരാജൻ അപേക്ഷകൾ വലിയ കാലതാമസം കൂടാതെ സമർപ്പിച്ചതായി കാണുന്നതായും എന്നാൽ ഫീൽഡ് പരിശോധനയ്ക്കായി ടിയാൻ നൽകുന്ന ഫയലുകളിൽ സാങ്കേതിക വിഭാഗത്തിന് കൈമാറി എന്നു കാണിക്കുന്ന രേഖപ്പെടുത്തലുകൾ വരുത്താനോ സാങ്കേതിക വിഭാഗം ജീവനക്കാർ ഫയൽ കൈപ്പറ്റിയതിന് എന്തെങ്കിലും തെളിവ് ഫയലിൽ കാണിക്കാനോ ടിയാന് സാധിച്ചിട്ടില്ല. യഥാർത്ഥത്തിൽ ഫീൽഡ് പരിശോധനയ്ക്കായി സാങ്കേതിക വിഭാഗത്തിന് ഫയൽ കൈമാറിയെങ്കിലും ആയത് ഒപ്പിട്ട് ഫയലിൽ രേഖപ്പെടുത്താതിരുന്നത് ടിയാന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ് എന്നും എന്നാൽ ശ്രീ ജയരാജൻ 31.03.2017 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്ന വസ്തുത പരിഗണിച്ചും ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു

7. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഇക്കാര്യം പരിശോധിച്ചതിൽ ഫീൽഡ് പരിശോധനയ്ക്കായി സാങ്കേതിക വിഭാഗത്തിന് ഫയൽ കൈമാറിയെങ്കിലും ആയത് ഒപ്പിട്ട് ഫയലിൽ രേഖപ്പെടുത്താതിരുന്നത് ടിയാന്റെ ഭാഗത്തു നിന്നുണ്ടായ മനപൂർവ്വമല്ലാത്ത വീഴ്ചയാണ്. മറ്റ് ആരോപണങ്ങളിൽ ടിയാൻ കുറ്റക്കാരനല്ലായെന്നും കാണുന്നു.

8. മേൽ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മഞ്ചേരി നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെ തുടർന്ന് ശ്രീ. സി.ജയരാജൻ,സീനിയർ ക്ലാർക്ക്-നെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. സി. ജയരാജൻ,സീനിയർ ക്ലാർക്ക്, മഞ്ചേരിനഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(26.02.2019 തീയതിയിലെ VIG D1/124/2017-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ